**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **24-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാമിലെ ജലം തുറന്നുവിട്ട നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | രാത്രിയിൽ മുന്നറിയിപ്പില്ലാതെ മുല്ലപ്പെരിയാർ ഡാമിലെ ജലം തുറന്നുവിട്ട നടപടി തമിഴ്‌നാടിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ 2021 -ൽ എത്ര തവണ ഇത്തരം നടപടി തമിഴ്‌നാട് ആവർത്തിച്ചെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി ആന്റ് ജി.ആർ വകുപ്പിന്റെ 09/08/2020 തീയതിയിലെ Z-2011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/ റിസർവ്വോയറുകളിൽ നിന്നും ജലം തുറന്നു വിടുന്നതിനു മുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽവ്യവസ്ഥ പൂർണ്ണമായി പാലിക്കാതെ പകൽ സമയങ്ങളിൽ വളരെ കുറഞ്ഞ അളവിൽ സ്പിൽവേ വഴി ജലം പുറത്തേക്കൊഴുക്കുകയും തുടർന്ന് രാത്രിയിലും, പുലർച്ചയിലുമായി ജലം പുറത്തേയ്ക്കൊഴുക്കുന്നതിനു മുൻപായി, ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനോ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോ, ജനങ്ങളെ ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് ജില്ലാ ഭരണകൂടത്തിന് വേണ്ടത്ര സമയം അനുവദിക്കാതെയുമാണ് 30/11/2021 മുതൽ 06/12/2021 വരെ ക്രമാനുഗതമല്ലാത്ത രീതിയിൽ തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇപ്രകാരം ജലം തുറന്നുവിട്ടതിനുള്ള വിശദീകരണം തമിഴ്‌നാടിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ലഭിച്ച മറുപടിയുടെ വിശദാംശം നൽകാമോ; | (ബി) | കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, തമിഴ്നാട് കൊണ്ടു പോകുന്ന ജലത്തിന്റെ അളവ് എന്നിവ ഡാമിന്റെ ചുമതലയുള്ള സംസ്ഥാന ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരികയും ഡാമിന്റെയും ഡാമിന്റെ കീഴ് ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പ് വരുത്തുവാനായി അണക്കെട്ടിൽ നിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടു പോകുവാനും |

| | | | |
|---|---|---|---|
| | | | ജലവിതാനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്ന സാഹചര്യം ഉണ്ടായാൽ ആ വിവരം 24 മണിക്കൂറിനു മുമ്പായി കേരളത്തെ അറിയിക്കണമെന്നും കേരളം തമിഴ്നാടിനോടും, മേൽനോട്ട സമിതിയുടെ ചെയർമാനോടും, കേന്ദ്രസർക്കാരിനോടും ആവശ്യപ്പെടാറുണ്ട്. 30/11/2021 മുതൽ 06/12/2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച് വണ്ടിപെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവർത്തിയെ കേരളം, ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചോദ്യം ചെയ്തുകൊണ്ട്, പ്രഥമ അവസരത്തിൽ തന്നെ 30/11/2021-ലെ D.O No.ISWC1/76/2021-WRD പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിയ്ക്ക് കത്ത് അയക്കുകയും, അതിനു ശേഷം 02/12/2021-ലെ D.O.No.1345/2021/CM പ്രകാരം സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കുകയും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകിയ ശേഷം മാത്രമേ ജലം വലിയ അളവിൽ ഒഴുക്കി വിടാൻ പാടുള്ളു എന്നും ആവശ്യ പ്പെടുകയും ചെയ്തു. കൂടാതെ സംഭരണിയിലെ ജലനിരപ്പ് ക്രമീകരിച്ച്, തുടർന്നുള്ള ഡാമിലേയ്ക്കുള്ള നീരൊഴുക്കിനെ സുരക്ഷിതമായി ഉൾക്കൊള്ളാനും വിധം ആവശ്യമായ Flood Cushion സംഭരണിയിൽ നിലനിർത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ എല്ലാ വ്യവസ്ഥകളും പാലിച്ചു കൊണ്ടും വളരെ സാധാരണവും ക്രമാനുഗതവുമായാണ് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതെന്നും, പെരിയാറിലെ ജലനിരപ്പുയരുന്നത് വളരെ സാധാരണമായ കാര്യമാണെന്നും, ആയതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പുയർന്നതും പ്രളയസമാന സാഹചര്യമുണ്ടായതും മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും ഒഴുക്കിവിട്ട വെള്ളം കാരണമല്ലായെന്നുമാണ് തമിഴ്നാട് മറുപടി നൽകിയത്. മാത്രമല്ല, അണക്കെട്ടിനു താഴെയുള്ള പ്രദേശങ്ങൾ കൈയ്യേറി താമസിക്കുന്നവർക്കാണ് ജലനിരപ്പുയരുന്നത് കാരണം ബുദ്ധിമുട്ടുണ്ടാകുവാൻ സാധ്യതയെന്നും തമിഴ്നാട് അഭിപ്രായപ്പെട്ടു. അതിനു പുറമെ, 140,141,142 അടിയിൽ സംഭരണി യിലെ ജലനിരപ്പെത്തിയപ്പോൾ തന്നെ പ്രളയ മുന്നറിയിപ്പുകൾ നൽകിയിരുന്നെന്നും, അതിനാൽ |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കേണ്ടതായിരുന്നുമെന്നാണ് തമിഴ്നാടിന്റെ നിലപാട്. |
| (സി) | ഈ വിഷയത്തിൽ കേന്ദ്ര ജല കമ്മീഷനും മുല്ലപ്പെരിയാർ മേൽനോട്ട സമിതിയും എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | തമിഴ്നാട് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഷട്ടറുകൾ പ്രവർത്തിപ്പിച്ച രീതിയെ കേന്ദ്ര ജലകമ്മീഷനും മുല്ലപ്പെരിയാർ മേൽ നോട്ട സമിതി ചെയർമാനും ചോദ്യം ചെയ്യുകയോ, കേന്ദ്ര ജല കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശരിയായ രീതിയിലുള്ള പ്രവർത്തന രീതി അവലംബിക്കണമെന്ന നിർദ്ദേശം തമിഴ്നാടിനു നൽകുകയോ ചെയ്തില്ല. എന്നിരുന്നാലും, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാകാത്ത രീതിയിൽ ഡാമിലെ ജലം തുറന്നു വിടേണ്ടതാണെന്ന് മേൽനോട്ട സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ ജലശക്തി മന്ത്രാലയം ബഹു. കേരള ചീഫ് സെക്രട്ടറിയെ കത്ത് മുഖേന അറിയിച്ചിരുന്നു. മുല്ലപ്പെരിയാറിൽ നിന്നും ജലം തുറന്നു വിടുന്നതു സംബന്ധിച്ച് 08/12/2021-ൽ മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ യോഗം കൂടുകയും ഷട്ടർ പ്രവർത്തനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതി രൂപീകരിക്കണമെന്ന കേരളത്തിന്റെ ആവശ്യം പ്രായോഗികമല്ല എന്ന് മേൽനോട്ട സമിതിയുടെ ചെയർമാൻ അറിയിക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ , തമിഴ്നാടിനു 142 അടി വരെ ജലം സംഭരിക്കാനുള്ള അനുവാദം ബഹു. സുപ്രീം കോടതി നൽകിയിട്ടുണ്ടെന്ന വാദം ഉന്നയിച്ച്, വർഷകാലത്ത് മതിയായ Flood Cushion നിലനിർത്താതെ ജലസംഭരണിയുടെ പ്രവർത്തനം നടത്തിയ തമിഴ്നാടിന്റെ പ്രവർത്തി ന്യായീകരിക്കുകയാണുണ്ടായത്. ഇതിനു പുറമെ 06/12/2021-ൽ രാത്രി 9 മണിയ്ക്ക് മുല്ലപ്പെരിയാറിൽ നിന്നും 12,654 ക്യുസെക്സ് എന്ന നിരക്കിൽ ജലം സ്പിൽവേ വഴി ഒഴുക്കിയതിനെ, പ്രസ്തുത നിരക്ക് സ്പിൽവേയിൽ കൂടി ഒഴുക്കി വിടാൻ കഴിയുന്ന പരമാവധി അളവിന്റെ 8 ശതമാനം മാത്രമായിരുന്നവെന്ന വാദം നിരത്തി തമിഴ്നാടിന്റെ പ്രവർത്തിയെ ന്യായീകരിക്കുകയും ചെയ്തു. |
| (ഡി) | രാത്രിയിൽ പതിവായി മുന്നറിയിപ്പില്ലാതെ ജലം തുറന്നുവിടുന്നതുമൂലം തദ്ദേശവാസികൾക്കുള്ള ഭീതി | (ഡി) | 30/11/2021 മുതൽ 06/12/2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ |

| | | | |
|---|---|---|---|
| | ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട്, 08/12/2021-ൽ ബഹു. സുപ്രീം കോടതിയിൽ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിൽ വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കി വിടുന്നത് ഒഴിവാക്കുന്നതിനും, കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്തു പകൽ സമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിനു നൽകണമെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുൻപെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും, ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സൂപ്പർവൈസറി കമ്മിറ്റിയോട് ബഹു. കോടതി നിർദ്ദേശിച്ചു. രാത്രിയിൽ പതിവായി, ജലം തുറന്നു വിടുന്നതു മൂലം തദ്ദേശവാസികൾക്കുള്ള ഭീതി ഒഴിവാക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്നും മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

**Mullaperiyar Shutter Opening from 30.11.2021 to 06.12.2021**

| Date | Opening/ closing Time | Time of Intimation from TN | Shutters opened/closed | Height of Opening | Spillway Discharge rate in cusecs | Tunnel discharge rate in cusecs | Inflow rate in cusecs |
|---|---|---|---|---|---|---|---|
| **29.11.2021** | **9:00 PM** | | **V3** | **10 cm** | **143.1** | **1400** | **1043.1** |
| **30.11.2021** | **3.00 AM** | **2:33 AM** | **V3 & V4** | **30 cm** | **837** | **1867** | **1777.5** |
| 30.11.2021 | 4.00 AM | 4:04 AM | V2, V3, V4 & V5 | 30 cm | 1682.46 | 1867 | 2704.46 |
| 30.11.2021 | 5.30 AM | 5.16 AM | V1, V2, V3, V4, V5 | 30 cm | 2103 | 1867 | |
| 30.11.2021 | 6.00 AM | 5.45 AM | V1, V2, V3, V4, V5, V6 | 30 cm | 2523.69 | 2300 | 2210.38 |
| 30.11.2021 | 7.00 AM | 6:43 AM | V1, V2, V3, V4, V5, V6, V7 | 30 cm | 2944.31 | 2300 | 4824 |
| 30.11.2021 | 7.30 AM | 7:03 AM | V1, V2, V3, V4, V5, V6, V7, V8 & V9 | 30 cm | 3785.54 | 2300 | |
| **30.11.2021** | **8.00 AM** | **7:53 AM** | **V1, V5, V6, V7, V8, V9** | **30 cm** | **4928.91** | **2300** | **5664.93** |
| | | | **V2, V3 &V4** | **60 cm** | | | |
| **30.11.2021** | **8.30 AM** | **8:22 AM** | **V1, V2, V3, V4, V5** | **60 cm** | **5691.16** | **2300** | |
| | | | **V6, V7, V8, V9** | **30 cm** | | | |
| 30.11.2021 | 12:00PM | | V3 | 60 cm | 4547.77 | 2300 | 6847.77 |
| | | | V1, V2, V4, V5, V6, V7, V8, V9 | 30 cm | | | |
| 30.11.2021 | 12:30PM | 12:07 PM | V3 | 30 cm | 3555.47 | 2300 | |
| | | | V1, V2, V4, V5, V6, V7 | 30 cm | | | |
| | | | V8, V9 | 0 | | | |
| 30.11.2021 | 2:00PM | 2:10 PM | V2, V3, V4 | 30 cm | 1259.97 | 2300 | 1494 |
| | | | V1, V5, V6, V7 | 0 | | | |
| 30.11.2021 | 6:00PM | 5:54 PM | V2, V3 | 30 cm | 839.97 | 2300 | 3559.97 |
| | | | V4 | 0 | | | |
| 30.11.2021 | 9:00PM | 8:36 PM | V2, V3, V4, V5 | 30 cm | 1680 | 2300 | 3140 |
| 30.11.2021 | 10:00PM | 9:30 PM | V1, V2, V3, V4, V5, V6 | 30 cm | 2520 | 2300 | 3980 |
| 01.12.2021 | 4:00 AM | 3:28 AM | V2, V3, V4, V5 | 30 cm | 2515 | 2300 | 1065.845 |
| | | | V1, V6 | 0 | | | |
| 01.12.2021 | 7:00 AM | 5:29 AM | V3 | 30 cm | 416.71 | 2300 | 2716.71 |
| | | | V2, V4, V5 | 0 | | | |
| 01.12.2021 | 8:00 AM | 7:44 AM | V3 | 10 cm | 143 | 900 | 2717 |
| 01.12.2021 | 11:00 AM | 10:34 AM | V3 | 0 | 0 | 900 | 1043 |
| 01.12.2021 | 4:00 PM | | | | | 1300 | 1300 |
| 01.12.2021 | 5:00 PM | | | | | 1867 | 1300 |
| 01.12.2021 | 5:30 PM | 5:18 AM | V3 | 30 cm | 420.61 | 1867 | |
| 01.12.2021 | 7:00 PM | 6:44 AM | V3, V4 | 30 cm | 841.22 | 1867 | 2287.61 |
| **02.12.2021** | **12:00 AM** | | **V3** | **10 cm** | **144.36** | **1867** | **2708** |
| | | | **V4** | **0** | | | |
| **02.12.2021** | **2:30 AM** | **2:45 AM** | **V1, V2, V3, V4, V5, V6, V7, V8** | **60 cm** | **6413.92** | **1867** | **8280.92** |
| **02.12.2021** | **3.30 AM** | **3:20 AM** | **V1 to V10** | **60 cm** | **8017.4** | **1867** | **9884.4** |
| **02.12.2021** | **4.30 AM** | **4:27 AM** | **V1 to V5** | **60 cm** | **4206.1** | **1867** | **7024** |
| | | | **V6 to V10** | **30 cm** | | | |
| 02.12.2021 | 5.00 AM | 4:50 AM | V1 to V10 | 30 cm | 1126.23 | 1867 | 7024 |

| Date | Opening/ closing Time | Time of Intimation from TN | Shutters opened/closed | Height of Opening | Spillway Discharge rate in cusecs | Tunnel discharge rate in cusecs | Inflow rate in cusecs |
|---|---|---|---|---|---|---|---|
| 02.12.2021 | 6.30 AM | 6:11 AM | V3 | 10 cm | 493 | 1867 | 2360 |
| | | | V4 | 0 | | | |
| 02.12.2021 | 8.00 AM | | V3 | 10 cm | 144.36 | 1867 | 1544.36 |
| 02.12.2021 | 9.00 AM | 8:44 AM | V3, V4 | 30 cm | 841.22 | 1867 | 1544.36 |
| 02.12.2021 | 10.00 AM | 9:41 AM | V2, V3, V4 | 30 cm | 1261.83 | 1867 | |
| 02.12.2021 | 11.00 AM | 10:55 AM | V2, V3, V4, V5 | 30 cm | 1682.44 | 1867 | 2944.27 |
| 02.12.2021 | 12.00 AM | | V2, V3, V4, V5 | 30 cm | 1682.44 | 1400 | 3549.44 |
| 02.12.2021 | 12.30 PM | 11:48 AM | V1, V2, V3, V4, V5 | 30 cm | 1682.44 | 1867 | 3292.5 |
| 02.12.2021 | 4:00 PM | 3:44 PM | V1, V2, V3, V4, V5, V6, V7 | 30 cm | 2944 | 1867 | |
| **02.12.2021** | **5:30 PM** | **5:19 PM** | **V1, V2, V6, V7** | **30 cm** | **3515.83** | **1867** | **4811** |
| | | | **V3, V4, V5** | **60 cm** | | | |
| **02.12.2021** | **6:30 PM** | **5:59 PM** | **V1, V2, V3, V4, V5, V6, V7, V8, V9, V10** | **60 cm** | **6624** | **2300** | **8491** |
| **02.12.2021** | **8:00 PM** | | **V1, V2, V3, V4, V5, V6, V7, V8, V9, V10** | **60 cm** | **8017** | **2300** | **6567** |
| **02.12.2021** | **8:30 PM** | **8:13 PM** | **V1, V2, V3, V4, V5** | **60 cm** | **3988.2** | **2300** | **8302.3** |
| | | | **V6, V7, V8, V9, V10** | **0** | | | |
| 03.12.2021 | 12:00 AM | 11:19 PM | V1, V2, V3, V4, V5 | 30 cm | 2074 | 2300 | 2517.6 |
| 03.12.2021 | 3:00 AM | 2:45 AM | V3, V4 | 30 cm | 2057 | 2300 | 4374 |
| | | | V1, V2, V5 | 0 | | | |
| 03.12.2021 | 3:30 AM | 3:17 AM | V3 | 10 cm | 144.35 | 2300 | 2783.5 |
| | | | V4 | 0 | | | |
| 03.12.2021 | 8:00 AM | | V3 | 10 cm | 142.48 | 1200 | 2442 |
| 03.12.2021 | 3:30 PM | 3:01 PM | V1, V2, V3, V4, V5 | 30 cm | 1122 | 1400 | 2522 |
| 03.12.2021 | 5:00 PM | | V1, V2, V3, V4, V5 | 30 cm | 2100 | 1867 | 7483 |
| 03.12.2021 | 7:30 PM | 7:10 PM | V1, V5 | 30 cm | 2100 | 1867 | 4541 |
| | | | V2, V3, V4 | 60 cm | | | |
| **03.12.2021** | **10:00 PM** | **9:37 PM** | **V1, V5, V2, V3, V4** | **60 cm** | **4009** | **1867** | **5876** |
| **03.12.2021** | **11:00 PM** | **10:30 PM** | **V1, V2, V3, V4, V5, V6, V7, V8, V9** | **60 cm** | **7215.3** | **1867** | **7479** |
| **04.12.2021** | **12:00 AM** | **11:26 PM** | **V1, V2, V3, V4, V5** | **60 cm** | **5875.7** | **1867** | **5332.36** |
| | | | **V6, V7, V8, V9** | **0** | | | |
| 04.12.2021 | 2:00 AM | 1:35 AM | V3, V4 | 60 cm | 1603.4 | 1867 | 5875.7 |
| | | | V1, V2, V5 | 0 | | | |
| 04.12.2021 | 3:00 AM | 2:23 AM | V3 | 10 cm | 143 | 1867 | 3452.02 |
| | | | V4 | 0 | | | |
| 04.12.2021 | 9:00 AM | | V3 | 10 cm | 143 | 1200 | 2010 |
| 04.12.2021 | 2:00 PM | | V3 | 10 cm | 144 | 1867 | 1344 |
| 04.12.2021 | 5:00 PM | 4:17 PM | V3, V4 | 30 cm | 841.22 | 1867 | 5761 |
| 04.12.2021 | 8:00 PM | 7:28 PM | V2, V3, V4, V5 | 30 cm | 1682 | 1867 | 2708 |
| 04.12.2021 | 10:00 PM | 9:29 PM | V3, V4 | 30 cm | 839.98 | 1867 | 2377 |
| | | | V2, V5 | 0 | | | |
| 05.12.2021 | 2:00 AM | 1:15 AM | V3 | 10 cm | 144 | 1200 | 2707 |
| | | | V4 | 0 | | | |

| Date | Opening/ closing Time | Time of Intimation from TN | Shutters opened/closed | Height of Opening | Spillway Discharge rate in cusecs | Tunnel discharge rate in cusecs | Inflow rate in cusecs |
|---|---|---|---|---|---|---|---|
| 05.12.2021 | 7:00 AM | | V3 | 10 cm | 144 | 1867 | 1344 |
| **05.12.2021** | **5:00 PM** | | **V3, V4** | **30 cm** | **840** | **1867** | **2011** |
| **05.12.2021** | **5:15 PM** | | **V1, V2, V3, V4, V5** | **60 cm** | **4008.7** | **1867** | |
| **05.12.2021** | **5:30 PM** | **5:10 PM** | **V1, V2, V3, V4, V5** | **90 cm** | **5693.8** | **1867** | |
| **05.12.2021** | **5:50 PM** | | **V1, V2, V3, V4, V5**<br>**V6, V7, V8, V9** | **90 cm**<br>**30 cm** | **7341.06** | **1867** | **5904.6** |
| 05.12.2021 | 8:30 PM | 8:30 PM | V1, V2, V3, V4, V5<br>V6, V7, V8, V9 | 60 cm<br>0 | 3947.55 | 1867 | 1881.32 |
| 05.12.2021 | 10:00 PM | 9:50 PM | V1, V2, V3, V4, V5 | 30 cm | 2064.45 | 1867 | 5814.55 |
| 05.12.2021 | 11:00 PM | 10.25 PM | V3<br>V1, V2, V4, V5 | 10 cm<br>0 | 142.48 | 1867 | 3931.45 |
| **06.12.2021** | **2:00 AM** | | **V3** | **10 cm** | **142.48** | **1200** | **2009.48** |
| **06.12.2021** | **3:15 AM** | **2:59 AM** | **V1, V2, V3, V4, V5** | **30 cm** | **2074** | **1200** | **5092.48** |
| **06.12.2021** | **4:00 AM** | **3:59 AM** | **V1, V2, V3, V4, V5** | **60 cm** | **3967.55** | **1867** | **5092.48** |
| **06.12.2021** | **4:30 AM** | **4:01 AM** | **V1, V2, V3, V4, V5**<br>**V6, V7, V8, V9** | **60 cm**<br>**30 cm** | **5668.16** | **1867** | **6684.86** |
| **06.12.2021** | **6:00 AM** | | **V1, V2, V3, V4, V5**<br>**V6, V7, V8, V9** | **60 cm**<br>**30 cm** | **5691** | **1200** | **6891** |
| 06.12.2021 | 8:30 AM | 8:13 AM | V1, V2, V3, V4, V5<br>V6, V7, V8, V9 | 30 cm<br>0 | 2100 | 1867 | 5736 |
| 06.12.2021 | 11:00 AM | 10:40 AM | V1, V2, V3, V4, V5 | 60 cm | 3988 | 1867 | 3967 |
| 06.12.2021 | 1:30 PM | | V1, V2, V3, V4, V5 | 30 cm | 2100 | 1867 | 1161 |
| 06.12.2021 | 4:00 PM | 3:40 PM | V1, V2, V3, V4, V5 | 60 cm | 3967 | 1867 | 3967 |
| **06.12.2021** | **7:45 PM** | 7:22 PM | **V1, V2, V3, V4, V5, V6, V7, V8, V9** | **60 cm** | **7105.59** | **1867** | **10354.06** |
| **06.12.2021** | **8:15 PM** | 7:48 PM | **V1, V2, V3, V4, V5, V6, V7, V8, V9** | **90 cm** | **10130.85** | **1867** | **10354.06** |
| **06.12.2021** | **8:30 PM** | 8:02 PM | **V1, V2, V3, V4, V5, V6, V7, V8, V9** | **120 cm** | **12654.09** | **1867** | **10636** |
| **06.12.2021** | **10:00 PM** | 9:41 PM | **V1, V2, V3, V4, V5, V6**<br>**V7, V8, V9** | **120 cm**<br>**0** | **8380.5** | **1867** | **10771** |
| 06.12.2021 | 11:15 PM | 11:02 PM | V1, V2, V3, V4, V5<br>V6 | 60 cm<br>0 | 3927.35 | 1867 | 6497.59 |

| Flood warnings issued | Date and time |
|---|---|
| First Flood Warning at 140 ft | 14.11.2021 9:05 AM |
| Second Flood Warning at 141 ft | 18.11.2021 5:37 AM |
| Third and Final Flood Warning at 142 ft | 30.11.2021 3:59 AM |